305

# പൊതു വിദ്യാഭ്യാസ വകുപ്പ്
## അർദ്ധ വാർഷിക മൂല്യനിർണയം 2011-12
## മലയാളം

**അടിസ്ഥാന പാഠാവലി** **സമയം 11/2 മണിക്കൂർ**

**പത്താംതരം** **സ്കോർ 40**

നിർദേശങ്ങൾ

- ആകെ 12 ചോദ്യങ്ങളാണുള്ളത്.
- 3 മുതൽ 10 വരെയുള്ള എട്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോറും സമയവും പരിഗണിക്കണം.
- സമാശ്വാസ സമയം ചോദ്യം വായിച്ചു മനസ്സിലാക്കാൻ ഉപയോഗപ്പെടുത്തണം.

1.

'തോരാമഴ' എന്ന ശീർഷകം മകൾ നഷ്ടപ്പെട്ട ഉമ്മയുടെ മനസ്സിന്റെ പ്രതീകമാണോ? കുറിപ്പ് തയാറാക്കുക. *(സ്കോർ 2)*

2.

"പട്ടുസാരികളുടെ പളപളപ്പ്, അതെടുത്ത് ഒരു ചീനവലയെറിയുന്നപോലെ നമ്മുടെ മുന്നിലേക്കിടുന്ന സുന്ദരികളായ ചെറുപ്പക്കാരികളുടെ പ്രസരിപ്പ്".

- ചീനവലയെറിയുന്നപോലെ എന്ന പ്രയോഗത്തിന്റെ ഭംഗി ഒന്നോ, രണ്ടോ വാക്യത്തിൽ കുറിക്കുക. *(സ്കോർ 2)*

3 മുതൽ 10 വരെയുള്ള എട്ടു ചോദ്യങ്ങളിൽ ഏതെങ്കിലും ആറെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

3.

ഉപഭോഗ സംസ്കാരത്തിന് അടിമപ്പെട്ടുകൊണ്ടിരിക്കുന്ന ആധുനിക മനുഷ്യന്റെ പ്രതീകമാണ് എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ എന്ന കഥയിലെ രമണി. കഥ വിശകലനം ചെയ്ത് കഥാപാത്രനിരൂപണം തയാറാക്കുക. *(സ്കോർ 4)*

4.

"നോക്കൂ, അവളെ എന്തെങ്കിലും കൊടുത്ത്
പറഞ്ഞയക്കൂ.... പിന്നെ ശല്ല്യാവും". രമണി പറഞ്ഞു.

"അവൾക്കാരൂംല്ല്യാ". അയാൾ പറഞ്ഞു
"അതിന് നമ്മളെന്താ ചെയ്യ്യാ?".

- നമ്മുടെ സമൂഹത്തിൽ നിന്ന് സ്നേഹകാരുണ്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ് എന്ന സൂചനയാണോ രമണിയുടെ പ്രതികരണങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്? നിങ്ങളുടെ നിരീക്ഷണം സമർഥിക്കുക. *(സ്കോർ 4)*

5.

"വ്യക്തിദുഃഖങ്ങളേക്കാൾ, കവി പ്രധാനമായി കരുതുന്നത് സമൂഹത്തിന്റെ ദുഃഖമാണ്".

- കൊച്ചുദുഃഖങ്ങളുറങ്ങൂ എന്ന കവിതയെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയെ വിലയിരുത്തുക. *(സ്കോർ 4)*

6.

'എന്തൊക്കെയോ നഷ്ടപ്പെട്ട ഒരാൾ' എന്ന കഥ സമകാലികസമൂഹത്തിന്റെ നേർചിത്രമാണ്. കഥ വിശകലനം ചെയ്ത് ഈ നിരീക്ഷണത്തിന്റെ സാധുത വിശദീകരിക്കുക.

*(സ്കോർ 4)*

7.

സൂചനകൾ വ്യാഖ്യാനിക്കുക

"അക്കൊച്ചു ശാരിക! ഭൂമി കന്യയ്ക്കെഴും
ദുഃഖങ്ങൾ പാടിയ തയ്യൽ -
നാടു വെടിഞ്ഞുപോം നന്മകൾ തൻകഥ
പാടിയ പൈങ്കിളിപ്പൈതൽ"

- ഈ വരികളിലൂടെ ധ്വനിപ്പിക്കപ്പെടുന്നതെന്തൊക്കെ? വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

8.

- "വാക്കെന്റെ യമ്മയുമച്ഛനുമാകുന്നു
  വാക്കിൻ വിരൽ തൂങ്ങിയല്ലോ നടക്കുന്നു." **- വാക്ക്-വി. മധുസൂദനൻ നായർ**
- "ബിംബങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയും ഭാഷ ഞങ്ങൾക്ക് ലോകത്തിന്റെ
  കാഴ്ച സമ്മാനിച്ചു." **- ഗൂഗിവാ തിങാംഗോ**

- ഇരുവരുടെയും ഭാഷയോടുള്ള കാഴ്ചപ്പാടുകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

*(സ്കോർ 4)*

9.

'മാതൃദുഃഖത്തിന്റെ അഗാധത ലളിതമായും ഹൃദയദ്രവീകരണ ശക്തിയോടെയും ആവിഷ്കരിച്ചിരിക്കുന്ന കവിതയാണ് തോരാമഴ'.

- ഈ അഭിപ്രായത്തെ വിലയിരുത്തി കുറിപ്പ് തയാറാക്കുക. *(സ്കോർ 4)*

10.

തപോനിഷ്ഠമായ ജീവിതവും പരുക്കൻ പെരുമാറ്റവും കൈമുതലായ പിതാവിൽ നിന്ന് <u>ഇടിത്തീപോലുള്ള ഷോക്കുകൾ പൊട്ടിപ്പുറപ്പെടുന്നതും</u> പ്രതീക്ഷിച്ച് <u>ഉമിത്തീയിലെന്നപോലെ</u> നീറി നിൽക്കുമ്പോഴാണ് പുതുജീവൻ നൽകുന്ന <u>അമൃതവർഷമായി,</u> അച്ഛന്റെ ഗീതാവാക്യം കേൾക്കുന്നത്.

- അടിവരയിട്ട പ്രയോഗങ്ങൾ സന്ദർഭത്തിനു നൽകുന്ന അർഥസാധ്യതകൾ കണ്ടെത്തി എഴുതുക. *(സ്കോർ 4)*

11.

" പെട്ടെന്നു വന്നു പെരുമഴ, ഉമ്മയോ
ചിക്കെന്നകത്തു തിരഞ്ഞു ചെന്നു
വില്ലൊടിഞ്ഞെന്നു ചിണുങ്ങിടാറുള്ളൊരാ
പുള്ളിക്കുട ചെന്നെടുത്തു പാഞ്ഞു
പള്ളിപ്പറമ്പിൽ പുതുതായ് കുമിച്ചിട്ട
മണ്ണട്ടിമേലെ നിവർത്തിവച്ചു". **- തോരാമഴ**

"ഉണ്ണിക്കൈയ്ക്കെടുക്കുവാനുണ്ണിവായ്ക്കുണ്ണാൻ വേണ്ടി,
വന്നതാണീ മാമ്പഴം വാസ്തവമറിയാതെ" - **മാമ്പഴം**

- ഈ അമ്മമാർ മാതൃമനസ്സിന്റെ ചില പ്രത്യേക ഭാവങ്ങൾ പ്രതിഫലിപ്പിക്കുന്നില്ലേ? കാവ്യ ഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക. *(സ്കോർ 6)*

12.

**<u>ഒട്ടകം</u>**

പ്രസവിച്ചപ്പോൾ
ഞാൻ ഒട്ടകമാണെന്ന് അമ്മ പറഞ്ഞു.
അതുകൊണ്ട് അമ്മയെന്നെ ആട്ടിയകറ്റി,
മരുഭൂമിയിലേക്കു വിട്ടു.
വീട്ടിലെ സകലഭാരവും
മുതുകിൽ വച്ചുതരാനും മറന്നില്ലമ്മ.
കാലങ്ങളോളം ചുമന്നു ചുമന്ന്....
മരുഭൂമി മുഴുവൻ ചുറ്റിത്തീർത്ത് തീർത്ത്
വീട്ടിലെത്തിയപ്പോൾ
അമ്മയും സഹോദരങ്ങളും ചോദിച്ചു.
ഒട്ടകത്തിനു വീട്ടിലെന്താ കാര്യം?
വല്ല മരുഭൂമിയിലേക്കും പൊയ്ക്കൂടേ?
ഞാനിപ്പോഴും മരുഭൂമിയിലാണ്. - **ജോർജ് ജോസഫ് കെ.**

- കവിതയുടെ പ്രമേയം, ആസ്വാദനാംശങ്ങൾ ഇവ പരിഗണിച്ച് ആസ്വാദനം തയാറാക്കുക.
*(സ്കോർ 6)*